Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release
*Ref: 893/KCBC/K-6/KPR/DS* 18.03.2023

# മാർ പവ്വത്തിൽ സഭയ്ക്കു ദിശാബോധം പകർന്ന അജപാലക ശ്രേഷ്ഠൻ: കെസിബിസി

കൊച്ചി: സഭയ്ക്ക് എന്നും ദിശാബോധം നൽകിയ അജപാലക ശ്രേഷ്ഠനാണ് കാലം ചെയ്ത ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിലെന്ന് കെസിബിസി പ്രസിഡന്റ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ അനുസ്മരിച്ചു.

കെസിബിസിയുടെയും സിബിസിഐയുടെയും അധ്യക്ഷനായി സേവനം ചെയ്തിട്ടുള്ള അദ്ദേഹം ഭാരതസഭയുടെ അഭിമാനമാണ്. സീറോ മലബാർ സഭയുടെ ദർശനങ്ങളെ രൂപപ്പെടുത്തുന്നതിൽ സവിശേഷമായ പങ്ക് അദ്ദേഹത്തിനുണ്ട്. അജപാലന ശുശ്രൂഷയുടെ പുതിയ വഴികൾ ചങ്ങനാശേരി അതിരൂപത യ്ക്കും കാഞ്ഞിരപ്പിള്ളി രൂപതയ്ക്കും അദ്ദേഹം പകർന്നു നൽകി. സഭാശുശ്രൂഷയിൽ പുതിയ വെളിച്ചം അദ്ദേഹത്തിന്റെ വലിയ സംഭാവനയാണ്.

വിദ്യാഭ്യാസ, വികസന മേഖലകളിൽ മാർ പവ്വത്തിലിന്റെ കാഴ്ചപ്പാടുകളും സമർപ്പണപൂർവകമായ പ്രവർത്തനങ്ങളും വേറിട്ടതും ശ്രദ്ധേയവുമായിരുന്നു. പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി, കുട്ടനാട് വികസന സമിതി തുടങ്ങിയവയിലൂടെ അവികസിത മേഖലകളുടെ വളർച്ചയിൽ മനസും ഊർജവും സമർപ്പിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. മലയോര കർഷകരുടെയും കുട്ടനാടൻ ജനതയുടെയും അതിസങ്കീർണമായ പ്രശ്നങ്ങൾ നേരിട്ടറിയാനും അനുഭവിക്കാനും അദ്ദേഹത്തിനായി.

വിദ്യാഭ്യാസത്തിലൂടെയാണു വികസനം സാധ്യമാവുകയെന്ന കൃത്യമായ ബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. കേരളസഭയിലും ഭാരതസഭയിലും വിദ്യാഭ്യാസ ദർശനത്തിന് വലിയ ബലം നൽകിയ പ്രതിഭയാണ് മാർ പവ്വത്തിൽ. കാർക്കശ്യമുള്ള നിലപാടുകളും അദ്ദേഹത്തെ വ്യത്യസ്തനാക്കി. ന്യൂനപക്ഷ വിഭാഗങ്ങളുടെ സംരക്ഷണം ഭാരതസംസ്കാരത്തിന്റെ നിലനിൽപിന്റെ അനിവാര്യതയാണെന്ന് അദ്ദേഹം നിരന്തരം ഓർമിപ്പിച്ചു. എല്ലാവർക്കും പഠിക്കാൻ അവസരമുണ്ടാകണമെന്നും വിദ്യാഭ്യാസത്തിനുള്ള അവകാശം സാർവത്രികമാകണമെന്നും അദ്ദേഹം ഉറച്ച നിലപാടെടുത്തു.

നിലപാടുകളിലെ കാർക്കശ്യം മാർ പവ്വത്തിലിനെ വ്യത്യസ്തനാക്കുമ്പോഴും ജീവിതത്തിലെ ലാളിത്യം പുരോഹിതനായ കാലം മുതൽ മരണം വരെയും അദ്ദേഹം കാത്തുസൂക്ഷിച്ചു. മാർ പവ്വത്തിൽ എന്ന വലിയ ആത്മീയ മനുഷ്യന്റെ നിര്യാണത്തിൽ കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ പ്രാർഥനയും അനുശോചനവും അറിയിക്കുന്നതായും കർദിനാൾ മാർ ക്ലീമിസ് കാതോലിക്കാബാവ പറഞ്ഞു.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.

PRESIDENT
His Beatitude
CARDINAL MAR BASELIOS CLEEMIS CATHOLICOS
Major Archbishop of Syro Malankara Church
Major Archbishop's House,
Pattom, Trivandrum 695 004.
Ph: +91 471 2541642, 2542643, 2540446
Email: baseliocleemis@gmail.com

VICE-PRESIDENT
His Excellency
MAR PAULY KANNOOKADAN
Bishop of Irinjalakuda
Bishop's House
Irinjalakuda 680 121
Ph: 0480 – 2826830, 2826820
Email: paulykannookadan@gmail.com

SECRETARY GENERAL
His Excellency
RT. REV. DR. ALEX VADAKUMTHALA
Bishop of Kannur, Bishop's House
Chovva P.O., Kannur 670 006
Ph: +91497 2729922, 2729988
Email: fralexv@gmail.com

DEPUTY SECRETARY GENERAL
FR. JACOB G. PALACKAPPILLY
POC, PB No. 2251
Palarivattom, Kochi-685 025
Ph: 0484-2805815,
2805722
Email: jacobgpala@gmail.com